**പട്ടികജാതി വികസന വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**

(നിലവിൽ : ശ്രീലാൽ റ്റി.വി)

വിഷയം : പട്ടികജാതി വികസനം - ജീവനക്കാര്യം - ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയും സ്ഥലം മാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. പട്ടികജാതി വികസന വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 10.08.2017 ലെ എസ്റ്റാ. എ 3- 13948/13 നമ്പർ ഉത്തരവ്.
2. പട്ടികജാതി വികസന വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 13.10.2021 ലെ എസ്റ്റാ. എ 3- 7680/21 നമ്പർ ഉത്തരവ്.
3. ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 11.11.2021 ലെ കെ2 - 770/2021 നമ്പർ കത്ത്.
4. ശ്രീ. ഉണ്ണികൃഷ്ണൻ. ബി, ട്രെയിനിംഗ് സൂപ്രണ്ട്, ഗവ. ഐ. ടി. ഐ. ചെറുവണ്ണൂർ - ന്റെ 16.09.2021 ലെ അപേക്ഷ.

---

ഉത്തരവ് നമ്പർ : SCDD/11634/2021 - A3 (ESTT A) തീയതി 07.12.2021

---

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ -കളിൽ നിലവിൽ ഒഴിവുള്ള ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ തസ്തികയിലേക്ക് ട്രെയിനിംഗ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന യോഗ്യരായ ജീവനക്കാരിൽ നിന്നും സീനിയോറിറ്റി പരിഗണിച്ച് സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്. ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ തസ്തികയിൽ ഒഴിവുകൾ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം ട്രെയിനിംഗ് ഇൻസ്ട്രക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ അടുത്തതായി സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ട ക്രമ നമ്പർ 11, 12 - ലെ ട്രെയിനിംഗ് ഇൻസ്ട്രക്ടർമാർക്ക് ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ തസ്തികയിൽ (43400 - 91200) ശമ്പള സ്കെയിലിൽ ചുവടെ ചേർക്കും പ്രകാരം രണ്ട് ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി കൊണ്ടും, മൂന്ന് ജീവനക്കാർക്ക് സ്ഥലം മാറ്റം നൽകി കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക | നിലവിൽ സേവനം അനുഷ്ഠിക്കുന്ന സ്ഥലം | സ്ഥാനക്കയറ്റം / സ്ഥലം മാറ്റം നൽകി നിയമിക്കപ്പെടുന്ന തസ്തിക, ഓഫീസ് | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീ. ജോസഫ്. കെ. എൽ, ട്രെയിനിംഗ് ഇൻസ്ട്രക്ടർ | ഗവ. ഐ.റ്റി.ഐ മധുരവേലി | ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ ഗവ.ഐ.റ്റി.ഐ, തൂണേരി | ഉദ്യോഗക്കയറ്റം |
| 2 | ശ്രീ. രമേഷ്. സി. പി. ട്രെയിനിംഗ് ഇൻസ്ട്രക്ടർ | ഗവ. ഐ.റ്റി.ഐ, വി. ആർ. പുരം. | ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ ഗവ.ഐ.റ്റി.ഐ, ചെറുവത്തൂർ. | ഉദ്യോഗക്കയറ്റം |
| 3 | ശ്രീ. ഉണ്ണികൃഷ്ണൻ. ബി ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ | ഗവ. ഐ.റ്റി.ഐ, ചെറുവത്തൂർ | ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ ഗവ.ഐ.റ്റി.ഐ, മധുരവേലി | സ്ഥലംമാറ്റം അപേക്ഷ പ്രകാരം |
| 4 | ശ്രീ. വെൽവിൻ. എൻ. ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ | ഗവ. ഐ.റ്റി.ഐ മധുരവേലി | ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ ഗവ.ഐ.റ്റി.ഐ, ഐക്കാട്. | സ്ഥലംമാറ്റം ഭരണപരമായ സൗകര്യം |
| 5 | ശ്രീ. ശശി. കെ. പി. ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ | ഗവ. ഐ.റ്റി.ഐ ഐക്കാട്. | ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ ഗവ.ഐ.റ്റി.ഐ, പാണ്ടിക്കാട് | സ്ഥലംമാറ്റം ഭരണപരമായ സൗകര്യം |

ബന്ധപ്പെട്ട നിയന്ത്രണോദ്യോഗസ്ഥർ ടി ജീവനക്കാരെ വിടുതൽ ചെയ്യും ജോലിയിൽ പ്രവേശിപ്പിച്ചും വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഉത്തരവ് ജീവനക്കാരെ വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിപ്പിക്കുന്നതിനും ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
(ഉത്തര/ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ മുഖേന)

പകർപ്പ് – 1. ട്രെയിനിംഗ് ഓഫീസർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്
2. ട്രെയിനിംഗ് ഇൻസ്പെക്ടർ, ഉത്തര /ദക്ഷിണ മേഖല.
3. ട്രെയിനിംഗ്സൂപ്രണ്ട്, (ഗവ.ഐ.ടി.ഐ - മധുരവേലി, ചെറുവത്തൂർ, തൂണേരി, ഐക്കാട്, വി.ആർ പുരം)
4. ഐ.റ്റി. സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ അധികം

ആജ്ഞാനുസരണം

സൂപ്രണ്ട്